പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 325

10.5.2017 ൽ
മറുപടിക്ക്

## ജനമൈത്രി പോലീസിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. റോജി എം. ജോൺ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ജനമൈത്രി പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. ജനമൈത്രി പോലീസ് പദ്ധതിയുടെ ഗുണഫലങ്ങൾ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് (TISS), രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കെപിഎംജി എന്നി സ്ഥാപനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കൂടാതെ വ്യക്തികളും പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ജനമൈത്രി പൊലീസിങ് സംവിധാനം കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതി എന്നത് നിയമപരിപാലനത്തിനും ക്രമസമാധാനപാലനത്തിനും പൂർണമായി ജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പൊലീസിങ് സംവിധാനമാണ്. തന്മൂലം ജനങ്ങൾക്ക് പോലീസിനോടുള്ള മനോഭാവത്തിന് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായുള്ള ഭവന സന്ദർശനവും ജനമൈത്രി സുരക്ഷാ സമിതിയും ജനങ്ങളുടെ പ്രശ്നങ്ങളിലേക്കും ആവലാതികളിലേക്കും നേരിട്ട് ഇറങ്ങി ചെല്ലാൻ സഹായിക്കുന്നുണ്ട്. വിവിധ ബീറ്റുകളിലേക്ക് ബീറ്റ് ഓഫീസർമാരും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരും സന്ദർശനം നടത്തി റിപ്പോർട്ടുകളും വിശദ വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്. പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസ പരിപാടികളും |

മെഡിക്കൽ ക്യാമ്പുകളും രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പുകളും നടത്തുക വഴി ആരോഗ്യ രംഗത്തും പോലീസ് ഇടപെടുന്നുണ്ട്. കൂടാതെ മദ്യ മയക്കുമരുന്നിനെതിരെയുള്ള ബോധവത്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ കാവൽക്കൂട്ടം പോലെയുള്ള പദ്ധതികൾ, ട്രാഫിക് ബോധവത്കരണ പരിപാടികൾ തുടങ്ങിയവയിലൂടെ ജനങ്ങളെ പങ്കെടുപ്പിച്ചും അവരുടെ വിശ്വാസം ആർജിച്ചും ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടന്നു വരുന്നു.

| | | | |
|---|---|---|---|
| ബി) | അഴിമതി ചെറുക്കൽ, തുല്യ പരിഗണന ലഭ്യത, നീതി ഉറപ്പാക്കൽ, മതേതര സംരക്ഷണ ഇടപെടൽ എന്നിവ കൂടി ജനമൈത്രി പോലീസിന്റെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | അഴിമതി ചെറുക്കൽ, തുല്യ പരിഗണന ലഭ്യത, നീതി ഉറപ്പാക്കൽ, മതേതര സംരക്ഷണ ഇടപെടൽ എന്നിവയെല്ലാം ഇപ്പോൾ തന്നെ ജനമൈത്രി പോലീസിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നുണ്ട്. |
| സി) | നിയമ വിരുദ്ധ കാര്യങ്ങളിൽ ഏർപ്പെടുന്നവർക്ക് നിയമ ബോധവത്ക്കരണം നൽകുന്ന കാര്യത്തിൽ ഈ സംവിധാനം ഉപയോഗപ്പെടുത്തുമോ? | സി) | സമൂഹത്തിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും മറ്റ് ദുഷിച്ച പ്രവണതകളും ജനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ തടയുന്നതിനുള്ള ശ്രമം ജനമൈത്രി പോലീസ് നടത്തുന്നുണ്ട്. കുറ്റകൃത്യങ്ങളും ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ബീറ്റുകൾ കൃത്യമായി പോവുകയും സുരക്ഷ സമിതി യോഗങ്ങൾ കൂടി നിയമ വിരുദ്ധ കാര്യങ്ങളിൽ ഏർപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെപ്പറ്റിയും ജനങ്ങൾക്ക് ബോധവത്കരണം നൽകുന്ന പരിപാടികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ